**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **03-02-2026 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി. അധ്യാപക ഫിക്സേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഒക്ടോബർ 1 പ്രാബല്യത്തിൽ പുറപ്പെടുവിക്കേണ്ട 2025-26 അധ്യയന വർഷത്തേക്കുള്ള ഫിക്സേഷൻ ഓർഡർ ഇതുവരെ പുറപ്പെടുവിക്കപ്പെടാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | 2025-26 അധ്യയന വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 6-ാമത്തെ പ്രവൃത്തി ദിവ സം റോളിലുള്ള, ED ലഭ്യമായതും എന്നാൽ 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കു കയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണയ ത്തിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ കൂടി തീരുമാനം കൈക്കൊണ്ട് അധിക തസ്തികകൾ അനുവദിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ അധിക തസ്തികകൾ അനുവദിക്കുന്ന തിന് വിവിധ തലങ്ങളിലുള്ള ചട്ട പ്രകാരമുള്ള പരിശോധനകളും നടത്തേണ്ടതുണ്ട്. |
| (ബി) | മലയാളം മീഡിയം - ഭാഷാ അധ്യാപകർ ഒഴികെയുള്ള എൽ.പി.എസ്.ടി, യു.പി.എസ്.ടി വിഭാഗങ്ങളിലും വിവിധ വിഷയങ്ങളിലെ എച്ച്.എസ്.എ തസ്തികകളിലും തിരുവനന്തപുരം ജില്ലയിൽ നിന്ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണ്; ഓരോ സ്കൂളിലും ഏത് തസ്തികയ്ക്കാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ? | (ബി) | അധിക തസ്തികകൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും സമാഹൃത റിപ്പോർട്ട് ലഭ്യമാക്കി, മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെയാണ് സർക്കാർ തലത്തിൽ അധിക തസ്തികകൾ അനുവദിക്കുന്നത്. സമാഹൃത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏതൊക്കെ സ്കൂളിൽ ഏതൊക്കെ തസ്തിക അനുവദിച്ചു എന്നുള്ള കൃത്യമായ വിവരം അറിയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ